ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:19.09.2025

## പ്രധാനവാർത്തകൾ

1) പോലീസ് അതിക്രമത്തിനെതിരായ എം.എൽ.എ മാരുടെ സത്യാഗ്രഹത്തിൽ സംസ്ഥാന സർക്കാർ ഇടപെടാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്ന് നിയമസഭാ നടപടികൾ ബഹിഷ്ക്കരിച്ചു.

2) ഭൂ സർവ്വേ രേഖകൾ അതിവേഗം ലഭ്യമാക്കുന്ന കിയോസ്ക് സംവിധാനത്തിന് സംസ്ഥാനത്ത് തുടക്കം.

3) തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വിളിച്ചുചേർത്ത രാഷ്ട്രീയ പാർട്ടികളുടെ യോഗം നാളെ തിരുവനന്തപുരത്ത്.

4) ചാമ്പ്യൻസ് ബോട്ട് ലീഗ് ആദ്യ മത്സരത്തിൽ വിജയം കുറിച്ച് വീയപുരം ചുണ്ടൻ.

5) തിരുവിതാംകൂർ ദേവസ്വം ബോർഡ് സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പസംഗമം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ പമ്പാതീരത്ത് ഉദ്ഘാടനം ചെയ്യും.

6) ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഒമാനെ നേരിടും.

RNU TVPM

## നിയമസഭ

പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ചുള്ള എംഎൽഎമാരുടെ സത്യാഗ്രഹത്തിൽ സർക്കാർ ഇടപെടാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്ന് നിയമസഭാ നടപടികൾ ബഹിഷ്ക്കരിച്ചു. കുന്നംകുളം കസ്റ്റഡി മർദ്ദനത്തിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരെ പിരിച്ച് വിടണമെന്ന് ആവശ്യപ്പെട്ട് രണ്ട് പ്രതിപക്ഷ എംഎൽഎ മാർ കഴിഞ്ഞ നാല് ദിവസമായി നിയമസഭാ കവാടത്തിൽ സത്യാഗ്രഹം നടത്തി വരികയാണ്. ശബരിമലയിലെ സ്വർണം കാണാതായതുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്ന് വാക്കൗട്ടും ചെയ്തിരുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് അടിയന്തര പ്രമേയത്തിനു നോട്ടീസ് നൽകിയത്. എന്നാൽ ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ നോട്ടീസ് സ്വീകരിക്കാനാവില്ലെന്ന് സ്പീക്കർ വ്യക്തമാക്കി. നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞ സഭ ഈ മാസം 29 ന് വീണ്ടും ചേരും.

RNU TVPM

## ബ്ലൂ ഇക്കോണമി

യൂറോപ്യൻ യൂണിയനുമായി കൂടുതൽ വാണിജ്യ ബന്ധങ്ങൾക്ക് കേരളം സന്നദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് കേരള- യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വിഴിഞ്ഞം തുറമുഖം ആഗോള വ്യാപാര രംഗത്ത് സംസ്ഥാനത്തെ അടയാളപ്പെടുത്തിയതായും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. മത്സ്യ ബന്ധന മേഖലയെ പരിപോഷിപ്പിക്കാൻ മത്സ്യ സമ്പദ യോജന ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നതായി

ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. രാജ്യത്തിൻറെ വളർച്ചയ്ക്ക് സമുദ്ര മേഖലയ്ക്ക് നിർണായക സ്ഥാനമുണ്ടെന്ന് ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ അഭിപ്രായപ്പെട്ടു.

## ഡിജിറ്റൽ സർവ്വെ (ഇൻട്രോ)

ഭൂമിയുടെ സർവ്വേ രേഖകൾ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ലഭ്യമാക്കുന്ന സംവിധാനത്തിന് സംസ്ഥാനത്തു തുടക്കമായി. 530 വില്ലേജുകളിലെ സർവ്വേ രേഖകളാവും നിലവിൽ ഇങ്ങനെ ലഭ്യമാകുക.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി....**

(വോയിസ്)

## ശബരി

ശബരി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ചിലവിന്റെ പകുതി കേന്ദ്രം വഹിക്കണം എന്ന പുതിയ നിർദേശം വയ്ക്കാൻ കേരളം തയ്യാറെടുക്കുന്നു എന്ന വാർത്ത തെറ്റിദ്ധാരണജനകമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പദ്ധതിക്ക് വേണ്ടി മുടക്കുന്ന 50 ശതമാനം സംസ്ഥാന വിഹിതം, കേരളത്തിൻറെ കടമെടുപ്പ് പരിധിയിൽ നിന്നും ഒഴിവാക്കണമെന്നുള്ള ഒരേ ഒരു നിർദ്ദേശം മാത്രമേ സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ചിട്ടുള്ളൂ. പദ്ധതിയിൽ നിന്ന് കേരളം പിൻവാങ്ങുന്നു എന്ന വാർത്ത തെറ്റിദ്ധാരണാജനകമാണെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് വാർത്താക്കുറിപ്പിൽ അറിയിച്ചു.

RNU TVPM

## വോട്ടർപട്ടിക- യോഗം

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടികളുടെ യോഗം നാളെ തിരുവനന്തപുരത്ത്. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാവിലെ 11 മണിക്കാണ് യോഗം. അംഗീകൃത രാഷ്ട്രീയ പാർട്ടികളാണ് യോഗത്തിൽ പങ്കെടുക്കുന്നത്.

## സേവ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ ഗോത്ര വർഗ ശാക്തീകരണത്തിനായി നടപ്പാക്കിയ പ്രവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്...

(ഹോൾഡ് - വോയിസ്)

RNU TVPM

## ജി.എസ്.ടി നിരക്കുകൾ

രാജ്യത്ത് പുതിയ ചരക്ക് സേവന നികുതി നിരക്കുകൾ തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ. ഇതിന് മുന്നോടിയായി ഉൽപാദകർക്കും, വിതരണക്കാർക്കും കേന്ദ്രസർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ മാസം 22-ന് മുമ്പ് നിർമ്മിച്ച, ഇനിയും വിൽക്കാനുള്ള ഉൽപ്പന്നങ്ങളിൽ പുതുക്കിയ വില സ്റ്റിക്കറുകൾ പതിപ്പിക്കണം.

എന്നാൽ പാക്കേജിൽ പഴയ MRP വ്യക്തമായിരിക്കുകയും വേണമെന്നാണ് നിർദ്ദേശം.

❁❁❁❁❁❁❁❁❁❁❁❁❁

## ചാമ്പ്യൻസ് ബോട്ട് ലീഗ്

ആലപ്പുഴ കൈനകരിയിൽ നടന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് ആദ്യ മത്സരത്തിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബ് തുഴഞ്ഞ വീയപുരം ചുണ്ടൻ ജേതാവായി. പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബിന്റെ മേൽപ്പാടം ചുണ്ടൻ രണ്ടാമതും, നിരണം ബോട്ട് ക്ലബ്ബിന്റെ നിരണം ചുണ്ടൻ മൂന്നാമതുമെത്തി. 9 ചുണ്ടൻ വള്ളങ്ങളാണ് മത്സരത്തിൽ പങ്കെടുത്തത്.

❁❁❁❁❁❁❁❁❁❁❁❁❁

## അയ്യപ്പസംഗമം (ഇൻട്രോ)

തിരുവിതാംകൂർ ദേവസ്വം ബോർഡിൻ്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നാളെ നടക്കുന്ന ആഗോള അയ്യപ്പസംഗമത്തിനായി പമ്പാതീരമൊരുങ്ങി. നാളെ രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. തമിഴ്നാട്ടിൽ നിന്നുൾപ്പെടെയുള്ള മന്ത്രിമാർ, എം.എൽഎമാർ, വിവിധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## കെ.സി.വേണുഗോപാൽ-അയ്യപ്പസംഗമം

വിശ്വാസ സംരക്ഷണമെന്ന പേരിൽ അയ്യപ്പസംഗമം സംഘടിപ്പിക്കുന്നത് സർക്കാരിന്റെ കാപട്യമാണെന്ന് ചൂണ്ടിക്കാട്ടി എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ എം.പി, മുഖ്യമന്ത്രിക്ക് കത്ത് നൽകി.

പരിപാടിക്ക് പിന്നിലെ രാഷ്ട്രീയ അജണ്ട അയ്യപ്പ സംഗമത്തിൽ പങ്കെടുക്കുന്ന സംഘടനകൾ മനസ്സിലാക്കണമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി രമേശ് പ്രതികരിച്ചു.

## നവരാത്രി - വിഗ്രഹ ഘോഷയാത്ര

നവരാത്രി ആഘോഷങ്ങൾക്ക് മുന്നോടിയായി ശുചീന്ദ്രത്ത് നിന്ന് മുന്നൂറ്റിനങ്ക വിഗ്രഹ ഘോഷയാത്ര പുറപ്പെട്ടു. ഘോഷയാത്ര നാളെ പദ്മനാഭപുരത്ത് എത്തും. സംസ്ഥാന അതിർത്തിയായ കളിയിക്കാവിളയിൽ മറ്റന്നാൾ ഉച്ചയോടെയെത്തുന്ന വിഗ്രഹ ഘോഷയാത്രയ്ക്ക് സംസ്ഥാന സർക്കാർ സ്വീകരണം നൽകും.

## സ്വച്ഛത റെയിൽവേ

സ്വച്ഛതാ ഹി സേവ കാമ്പയിൻറെ ഭാഗമായി തിരുവനന്തപുരം റെയിൽവേ ഡിവിഷൻ ഇന്ന് നിരവധി പരിപാടികൾ സംഘടിപ്പിച്ചു. പേട്ട റെയിൽവേ ആശുപത്രിയിൽ നിന്നും ആരംഭിച്ച വാക്കത്തോൺ ചീഫ് മെഡിക്കൽ ഓഫീസർ ഡോ ശോഭ ജാസ്മിൻ ഫ്ലാഗ് ഓഫ് ചെയ്തു.

RNU TVPM

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ ഒരാളെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു. തൃശൂർ ചാവക്കാട് സ്വദേശിയാണ് ചികിത്സയിലുള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁

## ലോട്ടറി -ജി.എസ്.ടി

ലോട്ടറിയെ ആഡംബര ഉത്പന്നമായി കണക്കാക്കി GST, 12 ശതമാനം വർദ്ധിപ്പിച്ചത് ലോട്ടറി വില്പനക്കാരെ ബാധിക്കുമെന്ന് കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് ചെയർപേഴ്സൺ സുബൈർ ടി.ബി. പ്രൈസ് കമ്മീഷൻ, ഏജൻസി ബോണസ്, ഗവൺമെൻ്റ് ലാഭം, സമ്മാനത്തുക എന്നിവയിൽ ഇതുമൂലം മാറ്റങ്ങൾ അനിവാര്യമാകുമെന്നും അദ്ദേഹം കൊല്ലത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഏഷ്യ കപ്പ്

ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റ് ഗ്രൂപ്പ് എ അവസാന മത്സരത്തിൽ, ഇന്ത്യ ഇന്ന് ഒമാനെ നേരിടും. അബുദാബി ഷേഖ് സയെദ് സ്റ്റേഡിയത്തിൽ രാത്രി 8 നാണ് മത്സരം.. സൂപ്പർ ഫോറിൽ നാളെ ശ്രീലങ്ക, ബംഗ്ലാദേശിനെ നേരിടും. ഇന്ത്യയും പാകിസ്ഥാനുമാണ് സൂപ്പർ ഫോറിലെത്തിയ മറ്റ് രണ്ട് ടീമുകൾ.

❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 388 പോയിൻറ് നഷ്ടത്തിൽ 82,626 ലും നിഫ്റ്റി 97 പോയിൻറ് നഷ്ടത്തിൽ

25,327 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കൂടി. പവന് 120 രൂപ കൂടി 81,640 രൂപയും ഗ്രാമിന് 10,205 രൂപയുമാണ് ഇന്നത്തെ വില.

## ശസ്ത്രക്രിയ-മെഡിക്കൽ കോളേജ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശസ്ത്രക്രിയകൾ നടത്തുന്നതിന് യാതൊരുവിധ പ്രതിസന്ധിയും നിലവിലില്ലെന്ന് ആശുപത്രി അധികൃതർ. ഉപകരണങ്ങളുടെ ക്ഷാമം മൂലം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയോളജി, യൂറോളജി വിഭാഗങ്ങളിൽ ശസ്ത്രക്രിയകൾ വീണ്ടും തടസപ്പെടുന്നു എന്ന തരത്തിൽ നടക്കുന്ന പ്രചരണങ്ങൾ അടിസ്ഥാന രഹിതമാണ്. സർക്കാർ ഇടപെട്ട് ചികിത്സാ ഉപകരണങ്ങൾ ആവശ്യത്തിനുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

RNU TVPM